'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കോഴിക്കോട് ജില്ല - അത്തോളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.പി. ബാലനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

G.O.(Rt)No.1598/2019/LSGD തീയതി,തിരുവനന്തപുരം, 27/07/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.01.2015-ലെ ഇ12(എസ്.സി.23/2014/കെകെടി)36831/2014നമ്പർ കത്ത്

2 സർക്കാരിന്റെ 30.11.2015-ലെ 401/ഇപിബി3/2015തസ്വഭവ നമ്പർ കുറ്റപത്രം

3 ശ്രീ. കെ.പി. ബാലൻ സമർപ്പിച്ച30.01.2016-ലെ പ്രതിവാദ പത്രിക

4 പഞ്ചായത്ത് ഡയറക്ടറുടെ 12.01.2018-ലെ ഡി1-42656/2015 നമ്പർ കത്ത്

**ഉത്തരവ്**

വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിൽ മലബാർ മെഡിക്കൽ കോളേജ് ആശുപത്രി കോമ്പൗണ്ടിൽ നടന്നുകൊണ്ടിരുന്ന അനധികൃത കെട്ടിട നിർമ്മാണ പ്രവർത്തികൾ നിർത്തിവയ്ക്കുന്നതിന് അത്തോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 13-09-2013 തീയതിയിൽ സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നെങ്കിലും ടി നിർമ്മാണ പ്രവർത്തികൾ തുടർന്നതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235(W),235(X) പ്രകാരം നിർമ്മാണ പ്രവൃത്തി തടയുന്നതിനായി സെക്രട്ടറി മറ്റു നടപടികൾ സ്വീകരിച്ചില്ലായെന്ന് കണ്ടെത്തുകയുണ്ടായി. തുടർന്ന് പ്രസ്തുത വീഴ്ചയ്ക്കുത്തരവാദിയായ അത്തോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ശ്രീ.കെ.പി. ബാലന് പരാമർശം (2) പ്രകാരം നൽകിയ കുറ്റപത്രത്തിന് ശ്രീ. കെ.പി. ബാലൻ പരാമർശം (3) പ്രകാരം പ്രതിവാദ പത്രികയിൽ കുറ്റപത്രത്തിലെ ആരോപണങ്ങളെല്ലാം നിഷേധിച്ചിട്ടുണ്ട്. ശ്രീ. കെ.പി. ബാലൻ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ, ശ്രീ. കെ.പി. ബാലന് കഠിന ശിക്ഷയ്ക്കുള്ള കുറ്റപത്രം നല്കിയതിനാൽ ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കുന്നതിനു മുമ്പായി ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം അത്തോളി

ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ.പി. ബാലനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REMANI MATHEW
ADDITIONAL SECRETARY

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

   (അന്വേഷണ റിപ്പോർട്ട്, കുറ്റപത്രം, പ്രതിവാദ പത്രിക എന്നിവയുടെ പകർപ്പുകൾ സഹിതം

2. ശ്രീ. കെ.പി. ബാലൻ, മുൻ സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, അത്തോളി ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/401/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ